# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4562

04.02.2014 ൽ മറുപടിക്ക്

## റേഷൻ മണ്ണെണ്ണ വിതരണം

**ചോദ്യം**

ശ്രീ. എളമരം കരീം:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | റേഷൻ മണ്ണെണ്ണ വിതരണത്തിൽ വൻതോതിൽ തട്ടിപ്പുകൾ നടന്നു വരുന്നതായുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൈദ്യുതീകരിക്കാത്ത വീട്ടുടമകളായ കാർഡുടമകൾക്ക് ഒരു ആഴ്ചയിൽ നൽകുന്ന മണ്ണെണ്ണ എത്രയാണ് ;വൈദ്യുതീകരിച്ച വീട്ടുടമകൾക്ക് നൽകിവരുന്നതെത്ര; ഇത് ഏറ്റവും കൂടിയ അളവിൽ നൽകിയിരുന്നത് എപ്പോഴായിരുന്നു; എത്ര ലിറ്റർ വീതമായിരുന്നു എന്ന് അറിയിക്കാമോ; | (ബി) | നിലവിൽ വൈദ്യുതീകരിച്ച വീട്ടിൽ താമസിക്കുന്ന കാർഡുടമകൾക്ക് ലഭ്യതയ്ക്കനുസരിച്ച് അര ലിറ്റർ അല്ലെങ്കിൽ ഒരു ലിറ്റർ, വൈദ്യുതീകരിക്കാത്ത വീടുകളിലെ കാർഡുടമകൾക്ക് 4 ലിറ്റർ എന്ന നിരക്കിലാണ് മണ്ണെണ്ണ പ്രതി മാസം നൽകുന്നത്. 2008 മുതൽ ഇതു വരെയുള്ള മാസങ്ങളിൽവച്ച് ഏറ്റവും കൂടിയഅളവിൽ മണ്ണെണ്ണ വിതരണം ചെയ്തത് 2010 ഫെബ്രുവരി മാസത്തിലാണ്. അന്ന് വൈദ്യുതീകരിച്ച വീടുകളിലെ കാർഡുകൾക്ക് 3 ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുകളിലെ കാർഡുകൾക്ക് 7 ലിറ്ററും എന്ന നിരക്കിലാണ് മണ്ണെണ്ണ വിതരണം ചെയ്തത്. |
| (സ്) | കാർഡുടമകൾ അറിയാതെ മണ്ണെണ്ണ കൂടിയ വിലയ്ക്ക് കൈമാറപ്പെടുന്നതായി അറിവുണ്ടോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ ഷോപ്പുകാരും ചേർന്ന് നടത്തിവരുന്ന ഈ തട്ടിപ്പിനെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ? | (സി) | കാർഡുടമകൾ വാങ്ങാത്ത മണ്ണെണ്ണ കരിഞ്ചന്തയിൽ എത്തിപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയാൽ ഇവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. ക്രമക്കേടുകൾ നടക്കുന്നതായി അറിവു ലഭിച്ചാൽ കർശന പരിശോധനകൾ |

നടത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നു. മാത്രമല്ല വകുപ്പുതല വിജിലൻസ് ഓഫീസർ മുഖേനയും ലോക്കൽ ഓഡിറ്റ് പാർട്ടി ഉദ്യോഗസ്ഥർ മുഖേനയും മറ്റ് ഉന്നത ഉദ്യോഗസ്ഥർ മുഖേനയും ഇടക്കിടെ പരിശോധനകൾ നടത്തുന്നുണ്ട്. ഈ വിധത്തിൽ മണ്ണെണ്ണ വിതരണരംഗത്തെ തട്ടിപ്പുകൾ നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ